**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന അക്കാദമിക മോണിറ്ററിങിന്റെ ഭാഗമായി ക്ലാസ് റൂം പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിലയിരുത്തുകയും പരിമിതിയുണ്ടെങ്കിൽ ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു. നിശ്ചിത ഇടവേളകളിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും നടത്തുന്ന റിവ്യൂ യോഗങ്ങളിൽ ഫലപ്രദമായി ചർച്ചചെയ്യുകയും അതിനനുസൃതമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിമർശനം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരത്തകർച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) | കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരത്തകർച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി എല്ലാ പൊതുവിദ്യാലയങ്ങളിലും മികച്ച ഭൗതിക അക്കാദമിക സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി തലം മുതൽ തന്നെ മാതൃഭാഷ, ഇംഗ്ലീഷ് ഭാഷ തുടങ്ങിയവയിൽ മികവ് ഉണ്ടാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ |

| | | | |
|---|---|---|---|
| | | | കേരളയുടെ നേതൃത്വത്തിൽ വായനാച്ചങ്ങാത്തം, ഉല്ലാസ ഗണിതം, ഗണിതോത്സവം, കുഞ്ഞുവായന, ഗണിതപാർക്ക്, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരിലി ഹിന്ദി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ